ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 2000 സെപ്റ്റംബർ അവസാനം വരെയുള്ള കണക്കനുസരിച്ച് കേരളത്തിലെ ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം 42.53 ആയിരുന്നു.

(ബി) 2000 സെപ്റ്റംബർ അവസാനം വരെയുള്ള കണക്കനുസരിച്ച് അയൽ സംസ്ഥാനങ്ങളിലെ വായ്പ നിക്ഷേപ അനുപാതം ചുവടെ ചേർക്കുന്നു.

സംസ്ഥാനം	വായ്പാനിക്ഷേപ അനുപാതം
തമിഴ്നാട്	89.02
കർണ്ണാടക	80.36
ആന്ധ്രാപ്രദേശ്	64.75

(സി) സംസ്ഥാനത്തെ വിവിധ വികസന മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾക്ക് യഥാസമയം വായ്പ നൽകാൻ ചില ബാങ്കുകൾ തയ്യാറാകാത്തതും കേരളത്തിലെ വ്യാവസായിക, സേവന മേഖലകളിൽ വേണ്ടത്ര നിക്ഷേപ സാദ്ധ്യത ഇല്ലെന്നും വ്യവസായ സംരംഭകർക്ക് മുതൽ മുടക്കാനുള്ള ആശങ്ക എന്നിവയുമാണ് വായ്പാനിക്ഷേപ അനുപാതം കുറയുവാനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

(ഡി) സംസ്ഥാനത്തെ ബാങ്കുകളിലെ വായ്പാനിക്ഷേപ അനുപാതം കുറയുന്നത് തടയാനും ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും സർക്കാർ ഒട്ടേറെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്) †

ആർട്ടിക്കിൾ 275 പ്രകാരമുള്ള സാമ്പത്തിക പ്രശ്നങ്ങൾ

11 (*71) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പരിഷ്ക്കാരത്തിൽ കാണിക്കുന്ന പുരോഗതിയുമായി ബന്ധപ്പെടുത്തി മാത്രമേ ആർട്ടിക്കിൾ 275 പ്രകാരമുള്ള സാമ്പത്തിക സഹായങ്ങൾ നൽകുകയുള്ളൂ എന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക പരിഷ്ക്കാര രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ ഈ പുതിയ തീരുമാനം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പറയുമോ ?

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) തീരുമാനമെടുത്തതായ അറിയിപ്പൊന്നും ഇതുവരെ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ചെലവ് ചുരുക്കലിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ചോദ്യം (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ്

12 (*72) ശ്രീ. സെബാസ്റ്റ്യൻപോൾ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. ദാസൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവുമൂലം സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതിനയം സംസ്ഥാനത്തെ കാർഷികമേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇറക്കുമതിയെ തുടർന്നു ഓരോ ഇനം കൃഷിക്കും കാർഷികോൽപന്നങ്ങൾക്കുമുണ്ടായിട്ടുള്ള തകർച്ചകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) ഓരോ ഇനം കാർഷിക ഉൽപ്പന്നങ്ങൾക്കും ഇറക്കുമതിയെ തുടർന്നുണ്ടായിട്ടുള്ള വിലയിടിവും ഇതുമൂലം ഓരോ ഇനത്തിലുമുണ്ടായ നഷ്ടം എത്ര വീതമെന്ന് വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുമോ ;

(ഇ) ഇറക്കുമതി തീരുവ കുറച്ചു കാർഷികോൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർ ഇറക്കുമതി ചെയ്യുന്നത് മൂലം സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും വില തകർച്ച നേരിടുകയും ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കാർഷികോല്പന്നങ്ങളെ വിലയിടിവിൽ നിന്നും രക്ഷിക്കാൻ ഈയിടെ പ്രധാനമന്ത്രി കേരളത്തിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചു കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിവുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly